# തഖ്‌വയും തസ്കിയത്തും

**വിശുദ്ധ** വ്രതം അനുശാസിക്കുന്ന ഖുർആൻസൂക്തം തന്നെ അതിന്റെ ലക്ഷ്യവും പ്രസ്താവിച്ചിരിക്കുന്നു: 'ലഅല്ലക്കും തത്തഖൂൻ' (നിങ്ങൾ, വിശ്വാസികൾ തഖ്‌വയുള്ളവരാവാൻ). ദൈവഭക്തി, ധർമബദ്ധത, പുരുഷാർഥ വിചാരം, ജാഗ്രത, ഹിതാഹിതബോധം തുടങ്ങി വിപുലമായ ആശയതലങ്ങളുള്ള പദമാണ് ദീനീ ഭാഷയിൽ 'തഖ്‌വ'. മനുഷ്യപ്രകൃതിയിലന്തർലീനമായ ഒരു ഭാവമാണത്. വ്രതാനുഷ്ഠാനമോ മറ്റേതെങ്കിലും ആരാധനയോ തഖ്‌വയെ നിർമിക്കുകയില്ല. മനുഷ്യ സത്തയിൽ മൗലിക രൂപത്തിൽ അന്തർഭവിച്ചു കിടക്കുന്ന തഖ്‌വയെ ഉണർത്തി ക്രിയാത്മകമാക്കാനുള്ള വിദ്യകളാണ് ആരാധനോപാസനകൾ. 'നിങ്ങൾ തഖ്‌വയുള്ളവരാവാൻ വ്രതം നിയമമാക്കപ്പെട്ടിരിക്കുന്നു' എന്നനുശാസിച്ചതിന്റെ സാരം, വ്രതാനുഷ്ഠാനത്തിലൂടെ നിങ്ങളിലന്തർഹിതമായ സദ്ഭാവങ്ങളെ ഉണർത്തി വളർത്തി ജീവിതത്തിന്റെ വെളിച്ചവും ശക്തിയും സൗന്ദര്യമാക്കുക എന്നാണ്.

ഈ ലോകത്ത് ഇരുപത് ലക്ഷത്തോളം ജന്തുവർഗങ്ങളുണ്ടെന്ന് പറയപ്പെടുന്നു. മനുഷ്യനല്ലാത്ത മറ്റൊരു ജന്തുവിനുമില്ലാത്ത ഗുണമാണ് തഖ്‌വ. മനുഷ്യത്വം തന്നെയാണതെന്നു പറയാം. മനുഷ്യനല്ലാത്ത ഒരു ജീവിയും ജീവിതത്തിന്റെ ഉത്ഭവത്തെയും പരിണാമത്തെയും കുറിച്ചോ അർഥത്തെയും സാഫല്യത്തെയും കുറിച്ചോ മരണാനന്തരാവസ്ഥയെക്കുറിച്ചോ ഒന്നും ആലോചിക്കുന്നില്ല. മനുഷ്യൻ ഇതേക്കുറിച്ചൊക്കെ ചിന്തിക്കുന്നു. നന്മതിന്മാ ബോധം അവന്റെ സത്തയിൽ തന്നെയുണ്ട്. ഖുർആൻ ഇതേപ്പറ്റി പറയുന്നത് മനുഷ്യാത്മാവിൽ ദൈവം 'തഖ്‌വയും ഫുജൂറും' ബോധനം ചെയ്തിരിക്കുന്നു (90:8) എന്നാണ്. ദ്വിമുഖം (Dual entity) അല്ലെങ്കിൽ ദ്വിമാനം (Two Dimensional) ആണ് മനുഷ്യാത്മാവ്. നന്മതിന്മകൾ, സത്യാസത്യങ്ങൾ, ധർമാധർമങ്ങൾ തുടങ്ങിയ വൈരുധ്യങ്ങളുടേതാണ് ഈ രണ്ടു മാനം. സത്യവും സൗന്ദര്യവുമാണ് സ്വീകാര്യവും അഭികാമ്യവും. അതിന്റെ വിപരീതങ്ങൾ അസ്വീകാര്യവും അനാശാസ്യവുമാണ്. ഇത് ആരും പഠിപ്പിക്കാതെ തന്നെ എല്ലാവർക്കുമറിയാം. ഈ നൈസർഗികമായ അറിവാണ് മൗലികമായ തഖ്‌വ. അതോടൊപ്പം അസത്യവും അധർമവും ആചരിക്കാനുള്ള മോഹവും അവന്റെ ഉള്ളിൽ തന്നെയുണ്ട്. ഇതാണ് തഖ്‌വയുടെ വിപരീതമായ 'ഫുജൂറ്'. ഈ രണ്ട് വിരുദ്ധ മാനങ്ങളെ സന്തുലിതമായി സമീകരിച്ചാണ് മനുഷ്യാത്മാവ് സൃഷ്ടിക്കപ്പെട്ടതെന്നും ഖുർആൻ പറയുന്നുണ്ട്. "ആത്മാവാണ, അതിനെ സന്തുലിതമാക്കിയതാണ.... " (90:7).

തുടർന്ന് ഖുർആൻ പറയുന്നു: "ആരാണോ ആത്മാവിനെ തസ്കിയത്ത് ചെയ്യുന്നത് അവൻ തീർച്ചയായും ജീവിതവിജയം നേടിയിരിക്കുന്നു. ആരാണോ അതിനെ 'തദ്സിയത്ത്' ചെയ്യുന്നത് അവൻ തീർച്ചയായും തോറ്റുപോയിരിക്കുന്നു" (90:9,10). ഒരു വസ്തുവിൽ മൗലിക രൂപത്തിൽ അടങ്ങിയ (potentially) ശക്തികളെയും സാധ്യതകളെയും വളർത്തി വികസിപ്പിച്ച് ഫലദായകമാക്കുക എന്നാണ് തസ്കിയത്തിന്റെ ആശയം. അതിന്റെ വിപരീതം തദ്സിയത്ത്. ഇരുമ്പയിർ വ്യവസായ പ്രക്രിയകളിലൂടെ തിളങ്ങുന്ന സ്റ്റീൽ പാത്രമാക്കി മാറ്റുന്നത് തസ്കിയത്താണെങ്കിൽ, കൈയിലുള്ള ഇരുമ്പ് മണ്ണിൽ താഴ്ത്തി തുരുമ്പിച്ചു നശിപ്പിക്കുന്നത് തദ്സിയത്ത് ആണ്. തസ്കിയത്തിന്റെ വഴികളാണ് സംസ്കരണവും പരിഷ്കരണവും പരിപോഷണവും ശുദ്ധീകരണവുമൊക്കെ. പ്രാകൃതാവസ്ഥയിൽ അവഗണിച്ചു തള്ളലും മലിനീകരണവും ശോഷണവും ദുരുപയോഗവുമൊക്കെയാണ് തദ്സിയത്തിന്റെ വഴികൾ.

ഉപരിസൂചിത ഖുർആൻ വാക്യങ്ങൾ അഞ്ചു സംഗതികൾ സൂചിപ്പിക്കുന്നുണ്ട്. ഒന്ന്, നടേ പറഞ്ഞതുപോലെ, മനുഷ്യ മനസ്സിന്റെ ദ്വന്ദമാനം തന്നെ. രണ്ട്, ഈ രണ്ടു മാനങ്ങളുടെയും അടിസ്ഥാനപരമായ സന്തുലിതത്വം. ഒരു മാനം മറ്റേ മാനത്തേക്കാൾ മികച്ചു നിൽക്കുന്നില്ല. മൂന്ന്, തുല്യമായ മാനങ്ങളിൽ ഏതിനെ വേണമെങ്കിലും വളർത്താനും തളർത്താനുമുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ഓരോ മാനത്തിനും മുന്നോട്ടു പോകാൻ പറ്റിയ മാർഗങ്ങൾ അവന്റെ മുന്നിൽ തുറന്നു കിടക്കുകയും ചെയ്യുന്നു. ഈ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുന്നുവോ തെറ്റായി ഉപയോഗിക്കുന്നുവോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു മനുഷ്യജീവിതത്തിന്റെ വിജയപരാജയങ്ങൾ. നാല്, തസ്കിയത്തിന്റെ മാർഗത്തിലൂടെ സഞ്ചരിക്കുന്നവർക്ക് മാത്രമേ വിജയസൗഭാഗ്യം പ്രാപിക്കാനാവൂ. തദ്സിയത്തിന്റെ മാർഗം തെരഞ്ഞെടുക്കുന്നവൻ അനിവാര്യമായും ചെന്നെത്തുക പരാജയത്തിന്റെ പടുകുഴിയിലായിരിക്കും. അഞ്ച്, നന്മയിലേക്ക് മുന്നേറാനും വികാസവും ഔന്നത്യവും പ്രാപിക്കാനും സ്വന്തം മനസ്സ് കത്തിച്ചുകാണിക്കുന്ന വെളിച്ചത്തെ-പ്രകൃതിപരമായ തഖ്‌വയെ- ഊതിക്കെടുത്തിയാൽ, അതോടെ മനുഷ്യനെയും തിര്യക്കുകളെയും തമ്മിൽ വേർതിരിക്കുന്ന അതിർവരമ്പ് മാഞ്ഞുപോയി.

തസ്കിയത്ത് പ്രവാചക നിയോഗങ്ങളുടെ ലക്ഷ്യമാണെന്ന് ഖുർആൻ ആവർത്തിച്ചുണർത്തുന്നുണ്ട്. ഉദാ: 2:129, 3:164, 62:2. ഈ സൂക്തങ്ങളിൽ ദൈവികസൂക്തങ്ങളുടെ പാരായണം വേദ-ജ്ഞാനങ്ങളുടെ അധ്യാപനം എന്നിങ്ങനെ വേറെ ചില ലക്ഷ്യങ്ങളും പരാമർശിച്ചിരിക്കുന്നു. അപഗ്രഥിച്ചുനോക്കിയാൽ അവ തസ്കിയത്തിന്റെ തന്നെ ഭാഗങ്ങളാണെന്നു കാണാം. പൂർണ മുസ്‌ലിമാവുക എന്നാൽ തസ്കിയത്ത് കൈക്കൊണ്ടവൻ-സംസ്കൃതൻ- ആവുകയാണ്. 'തസ്കിയത്ത് കൈക്കൊണ്ടവൻ തീർച്ചയായും വിജയിച്ചിരിക്കുന്നു' (87:14). ഇസ്‌ലാമിക സന്ദേശവുമായി ഫറവോന്റെ കൊട്ടാരത്തിൽ പോകാൻ അല്ലാഹു മൂസാ നബി(അ)യോട് കൽപിച്ചു. അവിടെ ചെന്ന് ഫറവോനോട് പറയാൻ കൽപിച്ചത് ഇങ്ങനെയാണ്: "നിനക്ക് തസ്കിയത്ത് കൈക്കൊള്ളണമെന്നുണ്ടോ?" (79:18).

പദാർഥങ്ങളുടെയും ജഡികാവശ്യങ്ങളുടെയും പരിധികൾക്കപ്പുറമുള്ള അമൂർത്ത യാഥാർഥ്യങ്ങളെക്കുറിച്ച് ബോധവാനാവുകയും ആ യാഥാർഥ്യങ്ങളെ സ്വാംശീകരിച്ച് ജീവിതം സഫലവും വികസ്വരവുമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ സംസ്കൃതനാകുന്നത്. പദാർഥത്തിന്റെയും ജഡികാവശ്യങ്ങളുടെയും ലോകത്ത് എത്ര ഉയർന്നു ചിന്തിച്ചാലും അവന് കേവല ജന്തുവിന്റെ ഇടുങ്ങിയ വൃത്തത്തിനപ്പുറം കടക്കാനാവില്ല. ജഡിക താൽപര്യങ്ങളെ മറികടക്കാനുള്ള ശ്രമമാണ് സംസ്കാരത്തിലേക്കുള്ള പ്രഥമ ചുവടുവെപ്പ്. മനുഷ്യന്റെ പ്രാഥമിക ശാരീരികാവശ്യങ്ങളാണ് അന്നവും വെള്ളവും. ഇതു രണ്ടും താൽക്കാലികമായി ഉപേക്ഷിക്കുകയാണ് വ്രതാനുഷ്ഠാനം. സംസ്കൃതിയിലേക്കുള്ള വലിയൊരു ചുവടുവെപ്പാണത്. ആ ചുവടുവെപ്പ് അതിന്റെ അർഥമുൾക്കൊണ്ട് തുടരണം. എങ്കിലേ ഉദ്ദിഷ്ടമായ തസ്കിയത്തിലും തഖ്‌വയുടെ ഉജ്ജീവനത്തിലും അത് പ്രസരിപ്പിക്കുന്ന ജീവിത വിശുദ്ധിയിലും എത്തിച്ചേരാനാകൂ. ■